പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4938 — 04.7.2012 ൽ മറുപടിയ്ക്ക്

## വ്യാജ മുദ്രപ്പത്രങ്ങൾ കണ്ടുപിടിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ :<br>ശ്രീ.കെ.രാജു :<br>ശ്രീമതി.ഇ.എസ്.ബിജിമോൾ :<br>ശ്രീ.ചിറ്റയം ഗോപകുമാർ : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജ മുദ്രപ്പത്രങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലേക്ക്, നാസിക്, ഹൈദരാബാദ് എന്നീ സെക്യൂരിറ്റി പ്രസ്സുകളിൽ നിന്ന് പോലീസ് അകമ്പടിയോടെ കൊണ്ടു വരുന്ന മുദ്രപ്പത്രങ്ങൾ കർശന പരിശോധനയ്ക്കു ശേഷം ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.<br><br>വെണ്ടർമാരുടെ കൈവശമുള്ള മുദ്രപ്പത്രങ്ങളുടെ സ്റ്റോക്കും, വിൽപ്പനയും പരിശോധിക്കുന്നതിന്, 2007ലെ ജി.ഒ.(പി) നം.156/2007/റ്റി.ഡി. നമ്പർ വിജ്ഞാപനപ്രകാരം ചുമതലപ്പെട്ട ജില്ലാ ട്രഷറി ഓഫീസർ, സബ് ട്രഷറി ഓഫീസർ എന്നിവർക്ക് കർശന പരിശോധനയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ ട്രഷറി ഡയറക്ടർ നൽകിയിട്ടുണ്ട്. |
| (ബി) വ്യാജ മുദ്രപ്പത്രം തടയുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്, ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (ബി) വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി, വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി, കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) |

സാങ്കേതിക സഹായത്താൽ, രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതി നുളള പ്രാരംഭ ഘട്ട ചർച്ചകൾ നടത്തുകയും, ആയതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി, രജിസ്ട്രേഷൻ, ട്രഷറി, എൻ.ഐ.സി. ഉദ്യോഗസ്ഥരുടെയും സാങ്കേ — തിക വിദഗ്ദ്ധരുടെയും ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു.

സെക്ഷൻ ഓഫീസർ